അതിന്റെ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. കാസർകോഡ് ജില്ലയിൽ ഇപ്പോൾ അനുഭവിക്കുന്ന കുടിവെള്ളക്ഷാമം പരിഹരിക്കാൻ വരൾച്ച, ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി 234.45 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇത് നടപ്പിലാക്കുന്നതാണ്. ഈ വർഷത്തെ ആക്ഷൻ പ്ലാൻ പ്രകാരം കാസർഗോഡ് ജില്ലയിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് ചീമേനിക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി ബദിയടുക്ക-നീർച്ചാൽ എന്നീ ഗ്രാമങ്ങൾക്കുവേണ്ടിയുള്ള ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി ടെക്നോളജി മിഷന്റെ സഹായത്തോടുകൂടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഓർക്കാഡിക്കലിനും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ എൽ.ഐ.സി. യുടെ ധനസഹായത്തോടുകൂടിയും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഉപ്പളയ്ക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ വിശദമായ എൻജിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരികയാണ്. അത് അടിയന്തിരമായി നടത്താൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ത്വരിത ശുദ്ധജലവിതരണ പദ്ധതി പ്രകാരം 1.4.1999 മുതൽ മൊത്തം അടങ്കൽ തുകയുടെ 20 ശതമാനം ആവശ്യാനുസരണ പദ്ധതി പ്രകാരം നടപ്പിലാക്കാൻ വേണ്ടിയാണ് നീക്കി വച്ചിരിക്കുന്നത്. ഇത്തരം പദ്ധതികൾ ജനപങ്കാളിത്തത്തോടുകൂടിയാണ് നടപ്പിലാക്കേണ്ടത്. കേരളത്തിൽ പൈലറ്റ് പ്രോജക്ട് ജില്ലയായി തെരഞ്ഞെടുക്കപ്പെട്ട കാസർഗോഡ് ജില്ലയിൽ പദ്ധതിയുടെ ആദ്യഘട്ട പ്രവർത്തനം നടത്താൻ 44.8 കോടി രൂപയുടെ എസ്റ്റിമേറ്റ് കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനായി അയച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ഉടൻ ലഭിക്കുമെന്നാണ് പ്രതീക്ഷ. കുഴൽ കിണറുകൾ, സംരക്ഷിത കുഴൽക്കിണറുകൾ, മിനി വാട്ടർ സപ്ലൈ സ്കീമുകൾ എന്നിവയും വലിയ പദ്ധതികളും ഇതിൽ ഉൾപ്പെടുത്തി ചെയ്യാൻ ഉദ്ദേശിക്കുന്നു. ഏതുതരം പദ്ധതികളാണ് ചെയ്യേണ്ടതെന്ന് തീരുമാനിക്കേണ്ടത് ഗുണഭോക്താക്കളായിരിക്കും. പദ്ധതിച്ചെലവിന്റെ 10 ശതമാനം തുക ഗുണഭോക്താക്കൾ വഹിക്കണം. ബാക്കി തുക കേന്ദ്രഗവൺമെന്റ് നൽകും. പദ്ധതി നടത്തിപ്പിന്റെ എല്ലാ മേൽ നടപടികളും കേന്ദ്രഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചതിനു ശേഷം തീരുമാനിക്കുന്നതാണ്.

(19) വാട്ടർ അതോറിറ്റി ജീവനക്കാരുടെ നിയമസഭാ മാർച്ച്

ശ്രീ. തമ്പാനൂർ രവി : കേരളത്തിലെ ആളുകൾക്ക് കുടിവെള്ളം കൊടുക്കുന്ന വാട്ടർ അതോറിറ്റിയിൽ ഗവൺമെന്റ് പുതുതായി ഏർപ്പെടുത്തിയ പരിഷ്ക്കാരങ്ങൾമൂലം ഉപഭോക്താക്കളും അവിടത്തെ ജീവനക്കാരും അനുഭവിക്കുന്ന പ്രയാസങ്ങളിൽ പ്രതിഷേധിച്ച് ഇന്ന് (8.3.2000) ജീവനക്കാർ സെക്രട്ടേറിയറ്റ് മാർച്ച് നടത്തുകയാണ്. വാട്ടർ അതോറിട്ടി ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന കുടിവെള്ള വിതരണം, അതുമായി ബന്ധപ്പെട്ട സംഭരണം, ശുദ്ധീകരണം, വാട്ടർ ചാർജ്ജ് പിരിവ് തുടങ്ങിയവയെല്ലാം ത്രിതല പഞ്ചായത്തുകൾക്ക് കൈമാറാൻ ഗവൺമെന്റ് നിർദ്ദേശം നൽകിക്കഴിഞ്ഞു. അതിന്റെ ആദ്യ പടിയായി 1050 ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറി അതിന്റെ നടപടി പൂർത്തിയായി വരികയാണ്. മാത്രമല്ല ഇനി കൈമാറ്റം ചെയ്യപ്പെടുന്ന പദ്ധതികൾ ത്രിതല പഞ്ചായത്തു ലെവലിൽ ഗുണഭോക്താക്കളുടെ സൊസൈറ്റികൾ രജിസ്റ്റർ ചെയ്ത് വാട്ടർ അതോറി

LIBRARY ARCHIVES Kerala Legislative Assembly

റ്റിക്ക് സമാന്തരമായി ഇപ്പോൾ പുതുതായി രൂപീകരിക്കപ്പെട്ട പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന്റെ കീഴിൽ പ്രവർത്തിപ്പിക്കേണ്ടതായിട്ടുണ്ട്. ഓരോ പ്രദേശത്തിന്റെയും പ്രത്യേകത കണക്കിലെടുത്ത് വെള്ളക്കരത്തിന്റെ നിരക്ക് നിശ്ചയിക്കാനുള്ള അധികാരംപോലും ഈ ഗുണഭോക്താക്കളുടെ സൊസൈറ്റികൾക്ക് നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. അതായത് കേരളത്തിനകത്ത് കുടിവെള്ളത്തിന് പഞ്ചായത്ത് തലത്തിൽ വിവിധ തരത്തിൽ നിരക്കുകൾ ഇതുമൂലം ഏർപ്പെടുത്താൻ പോകുകയാണ്. അതുപോലെതന്നെ ഈ ശുദ്ധജലവിതരണ പദ്ധതികൾ ത്രിതല പഞ്ചായത്തു തലത്തിൽ കൈമാറുമ്പോൾ നിലവിൽ ഈ മേഖലയിൽ ജോലി ചെയ്യുന്ന വാട്ടർ അതോറിറ്റി ജീവനക്കാരെ ഏറ്റെടുക്കാൻ ഈ പഞ്ചായത്തുകൾക്ക് ബാദ്ധ്യതയില്ല. അതിന്റെ ഫലമായി അവരെ പിരിച്ചു വിടേണ്ട സാഹചര്യമുണ്ടാകും. ഇതിന്റെ ഫലമായി പബ്ലിക് ടാപ്പ് പൂർണ്ണമായും ഉപേക്ഷിക്കേണ്ടിവരും. അതുപോലെ ഗുണഭോക്താക്കളുടെ സൊസൈറ്റിയിൽ അംഗമാകാൻ കഴിവില്ലാത്ത ഗ്രാമീണർക്കും നഗരവാസികൾക്കും കുടിവെള്ളം നിഷേധിക്കപ്പെടുന്ന അവസ്ഥയുണ്ടാകും. ഈ സാഹചര്യത്തിൽ നിലവിലുള്ള സംവിധാനം അതേപടി നിലനിർത്തിക്കൊണ്ട് കുടിവെള്ള വിതരണത്തിന്റെ മുഴുവൻ ചുമതലയും വാട്ടർ അതോറിറ്റിയിലാക്കി, നിലവിലുള്ള ജീവനക്കാരുടെ സേവനം ഉപയോഗിച്ച് പദ്ധതികളും ശുദ്ധജലവിതരണവും വാട്ടർ അതോറിറ്റി നടത്താൻ ഗവൺമെന്റ് നിർദ്ദേശം നൽകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : 23.11.1998-ലെ ഉത്തരവ് പ്രകാരം ഒരു പഞ്ചായത്തിലൊതുങ്ങുന്ന കേരളത്തിലൊട്ടാകെയുള്ള 1050 ശുദ്ധജലവിതരണ പദ്ധതികളുടെ നടത്തിപ്പ്, മെയിന്റനൻസ്, സൂക്ഷിപ്പ് ഒക്കെ കുറേകൂടി കാര്യക്ഷമമായിരിക്കുമെന്നുള്ളതുകൊണ്ട് അതിന്റെ നടത്തിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചു. അതനുസരിച്ച് പരീക്ഷണാടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ പദ്ധതികൾ കൈമാറാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ജില്ലയിലെ 48 പദ്ധതികൾ കൈമാറാനാവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങളെക്കുറിച്ച് പഠനം നടത്താൻ ചുമതലപ്പെട്ട ഏജൻസിയുടെ റിപ്പോർട്ട് അനുസരിച്ചുള്ള പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകി കഴിഞ്ഞു. അതുകൂടാതെ അധികാര വികേന്ദ്രീകരണ പരിപാടിയുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് വാട്ടർ അതോറിട്ടി രൂപീകരിച്ച സ്പെഷ്യൽ മോണിട്ടറിംഗ് സെല്ലിന്റെ നിർദ്ദേശമനുസരിച്ച് ആദ്യഘട്ടമെന്ന നിലയിൽ മലപ്പുറം ജില്ലയിലെ 6 പദ്ധതികളുടേ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയതിനുശേഷം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാനായിട്ട് നടപടികൾ കൈക്കൊണ്ടുവരുന്നു. പദ്ധതികളുടെ പ്രവർത്തനങ്ങൾക്കും പരിപാലനത്തിനുമായി ബന്ധപ്പെട്ട പഞ്ചായത്തുകൾ തെരഞ്ഞെടുക്കുന്ന വ്യക്തികൾക്ക് വാട്ടർ അതോറിട്ടിയുടെ മാനവശേഷി വികസന വിഭാഗം പരിശീലനം നൽകി കഴിഞ്ഞു. വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ആഫീസുകളൊന്നും തന്നെ ഇതുവരെ കൈമാറിയിട്ടില്ല. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി 55 ലക്ഷം രൂപവരെ മതിപ്പ് ചെലവ് വരുന്ന പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അതിനുമേൽ മതിപ്പു ചെലവ് വരുന്ന വലിയ പദ്ധതികൾ കേരള വാട്ടർ അതോറിട്ടിയുമാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. വളരെയധികം വൻകിട ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കാനു

LIBRARY ARCHIVES Kerala Legislative Assembly

ള്ളതുകൊണ്ട് കേരള വാട്ടർ അതോറിട്ടിക്ക് വരുംകാലങ്ങളിൽ കൂടുതൽ പ്രവർത്തനങ്ങളിൽ ഏർപ്പെടേണ്ടതായിട്ടു വരും.

V. നിയമനിർമ്മാണകാര്യം

(1) 2000-ലെ കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് (അമെന്റ്മെന്റ്) ബിൽ.†

(2) 2000-ല കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബിൽ+

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : 2000-ത്തിലെ കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് (അമെന്റ്മെന്റ്) ബില്ലും 2000-ത്തിലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) : 2000-ത്തിലെ കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് (അമെന്റ്മെന്റ്) ബില്ലും 2000-ത്തിലെ കേരള കമാന്റ് ഏരിയ വികസന (ഭേദഗതി) ബില്ലും തദ്ദേശസ്വയംഭരണവും സഹകരണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

V. ക്രമപ്രശ്നം

2000-ലെ കേരള ഡീസെൻട്രലൈഷൻ ഓഫ് പവേഴ്സ് (അമെന്റ്മെന്റ്) ബില്ലിന്റെ അവതരണം സംബന്ധിച്ച്

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഈ നിയമത്തിന്റെ പേര് "ദി കേരളാ ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് അമെന്റ്മെന്റ് ബിൽ 2000" എന്നാണ്. ''അമെന്റ്മെന്റ് ബിൽ 2000 എന്നാണ് പറയുന്നത്.'' ''അമെന്റ്മെന്റ് ബിൽ'' എന്നു പറയുമ്പോൾ അതിന് ഒരു മൂലനിയമം ഉണ്ട്. ആ മൂലനിയമത്തിന്റെ പേര് എന്താണ്? "ദി കേരളാ ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് ആക്ട്" അങ്ങനെ ഒരു ആക്ട് ഈ സംസ്ഥാനത്ത് നിലവിലില്ല. ഒരു ആക്ട് നിലവിലില്ലാത്തതിന് ഒരു അമെന്റ്മെന്റ് ബിൽ കൊണ്ടുവരാൻ ഒരിക്കലും പാടില്ലാത്തതാണ്. ഒരു ബിൽ നിലവിലില്ലാതെ ബില്ലിന് അമെന്റ്മെന്റ് കൊണ്ടുവന്നിരിക്കുന്നു. ഈ സഭയിലോ, പാർലമെന്റിലോ ഇൻഡ്യാ രാജ്യത്തെ ഏതെങ്കിലും ഒരു സഭയിലോ ഇന്നുവരെ ഉണ്ടാകാത്ത സംഭവമാണിത്. ഒരു സഭയിലും ഇല്ല. ഇല്ലാത്ത ബില്ലിന് അമെന്റ്മെന്റ് കൊണ്ടുവന്നിരിക്കുകയാണ്. അത് ഒരു കാര്യം. ഒരു അമെന്റ്മെന്റ് ബിൽ എന്നുപറയുമ്പോൾ അതിന് എനാക്ടിംഗ് ഫോർമുല സാധാരണ കാണും. ആ എനാക്ടിംഗ് ഫോർമുല ഈ ബില്ലിനെ സംബന്ധിച്ചിത്തോളം പരിശോധിച്ചാൽ വ്യക്തമാകും. ഇതിന് മൂലനിയമം ഇല്ല. മൂലനിയമം ഇല്ലാത്തതിന് അമെന്റ്മെന്റ് ബിൽ

† അനുബന്ധം XV (a&b)

LIBRARY ARCHIVES Kerala Legislative Assembly